©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 18<br>18th February 2020<br>1195 കുംഭം 5<br>5th Kumbham 1195<br>1941 മാഘം 29<br>29th Magha 1941 | നമ്പർ<br>No. | 7 |

## PART III

### Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

ദർഘാസ് പരസ്യം

നമ്പർ എ.ഇ. (2) 375/2018. 2020 ഫെബ്രുവരി 1.

കേരള ഗവർണ്ണർക്കുവേണ്ടി ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ ഓവർഹെഡ് ടാങ്ക് നിർമ്മാണ പ്രവൃത്തിക്കായി അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള പുനർ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസുകൾ 1-3-2020-ാം തീയതി ഉച്ചയ്ക്ക് 2 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം 2.30-ന് ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് പ്രവൃത്തിയുടെ പേര് വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ ഓവർഹെഡ് ടാങ്ക് നിർമ്മാണം—₹ 12,00,000 (പന്ത്രണ്ട് ലക്ഷം രൂപ മാത്രം).

നിരതദ്രവ്യം—₹ 30,000.

ദർഘാസ് ഫോറത്തിന്റെ വില—₹ 5,000 + 18% ജി.എസ്.ടി + 1% സെസ്.

പ്രവൃത്തി തീർക്കേണ്ട കാലാവധി—6 മാസം.

ദർഘാസ് പ്രമാണങ്ങൾ ആലപ്പുഴ കളർകോട് സനാതനപുരത്തുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് (കൃഷി) എഞ്ചിനീയർ ഓഫീസിൽ നിന്നും 1-2-2020-ാം തീയതി മുതൽ 1-3-2020-ാം തീയതി ഉച്ചയ്ക്ക് രണ്ടു മണിവരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും ദർഘാസ് ഫോറത്തിന്റെ വിലയായ ₹ 5,000 ഈ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. കൂടാതെ 18% ജി.എസ്.ടി. തുകയും 1% സെസ് തുകയും കരാറുകാർ തങ്ങളുടെ ജി.എസ്.ടി.ഐ.എൻ. മുഖേന അടച്ച് ചെല്ലാൻ ഈ ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ദർഘാസ്

ഫോറത്തിന്റെ തുക നൽകി ഷെഡ്യൂൾ ലഭ്യമാക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങളുടെ അധിക പകർപ്പിന് ടി നികുതികൾ ഉൾപ്പെടെ പ്രത്യേക വില അടയ്ക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ആലപ്പുഴ എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസിനോടൊപ്പം പ്രാഥമിക കരാർ ₹ 200-ന്റെ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകൾ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ആലപ്പുഴ.

(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ (കൃഷി).